5. അംഗത്തിന് പ്രത്യേക ചികിത്സ ആവശ്യമായിവരുന്ന സാഹചര്യത്തിൽ അതിനുള്ള സഹായം.

6. വനിതാംഗത്തിനും ആശ്രിതരായ പെൺമക്കൾക്കും വിവാഹ ധനസഹായവും പ്രസവാനുകൂല്യവും.

7. വസ്തു വാങ്ങുന്നതിനും വീട് വയ്ക്കുന്നതിനും അറ്റകുറ്റപ്പണി നടത്തുന്നതിനുമുള്ള സാമ്പത്തിക സഹായം, വായ്പ.

8. മക്കളുടെ ഉന്നത വിദ്യാഭ്യാസ ചെലവിനുള്ള സാമ്പത്തിക സഹായം, വായ്പ.

9. പ്രവാസജീവിതംകഴിഞ്ഞു മടങ്ങിവരുന്നവർക്ക് സ്വയംതൊഴിൽ ധനസഹായം, വായ്പ.

(ഡി) പ്രവാസി കേരളീയർ (വിദേശം) അംഗങ്ങളെ പ്രതിനിധീകരിക്കുന്ന ക്ഷേമനിധി ബോർഡിന്റെ രണ്ട് ഡയറക്ടർമാർ വിദേശ മലയാളികൾക്കിടയിലും പ്രവാസി മലയാളി സംഘടനകൾക്കിടയിലും ക്ഷേമനിധിയെ സംബന്ധിച്ച പ്രചാരണം നടത്തുന്നതിന് നേതൃത്വം നൽകുന്നുണ്ട്. കൂടാതെ പല ആവശ്യങ്ങൾക്കായി പ്രധാനമായും വിദേശത്തുള്ള മലയാളികൾ നോർക്ക വകുപ്പിന്റേയും നോർക്ക റൂട്ട്സിന്റേയും വെബ്സൈറ്റുകൾ സന്ദർശിക്കുന്നുണ്ട് എന്നതിനാൽ ഈ രണ്ടു വെബ്സൈറ്റുകളിലും ക്ഷേമനിധിയെപ്പറ്റിയുള്ള മാർഗ്ഗരേഖകൾ അനായാസമായി ശ്രദ്ധയിൽപ്പെടുന്നരീതിയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

ശബരിമലയിലെ പുൽമേട്ടിൽനടന്ന ദുരന്തത്തെക്കുറിച്ചുള്ള അന്വേഷണം

23 (*22) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. കെ. അച്ചുതൻ :
ശ്രീ. എൻ. ശക്തൻ :
ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇക്കഴിഞ്ഞ തീർത്ഥാടനകാലത്ത് ശബരിമലയിലെ പുൽമേട്ടിൽനടന്ന ദുരന്തത്തെക്കുറിച്ച് ജുഡീഷ്യൽ അന്വേഷണം നടത്തുന്നതിനായി ഇതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നറിയിക്കുമോ ;

(ബി) പ്രസ്തുത സംഭവത്തോടനുബന്ധിച്ച് നടക്കുന്ന അന്വേഷണത്തിൽ എന്തൊക്കെ കാര്യങ്ങളാണ് ടേംസ് ഓഫ് റഫറൻസായി ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ;

(സി) ഇതുസംബന്ധിച്ച ജുഡീഷ്യൽ അന്വേഷണം നടത്തുന്നതിന് ഹൈക്കോടതിയിലെ സിറ്റിംഗ് ജഡ്ജിയുടെ സേവനം ലഭ്യമാക്കാൻ സാധിച്ചിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ ഇക്കാര്യത്തിൽ എന്തുനടപടി സ്വീകരിക്കണമെന്നാണ് തീരുമാനിച്ചിട്ടുള്ളത് ?

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) :

(എ) ശബരിമല പുൽമേട്ടിൽനടന്ന ദുരന്തത്തെക്കുറിച്ച് ജുഡീഷ്യൽ അന്വേഷണം നടത്തുന്നതിനായി ഹൈക്കോടതിയിലെ ഒരു സിറ്റിംഗ് ജഡ്ജിയുടെ സേവനം ലഭ്യമാക്കുവാൻ ബഹു. ഹൈക്കോടതിയോട് ആവശ്യപ്പെട്ടിരുന്നു.

(ബി) കമ്മീഷനെ നിയമിക്കുന്ന നടപടി പൂർത്തിയാവുന്ന മുറയ്ക്കേ ടേംസ് ഓഫ് റഫറൻസുകളുടെകാര്യം തീരുമാനിക്കാനാവൂ.

(സി&ഡി) ഹൈക്കോടതിയിൽ ജഡ്ജിമാരുടെ അഭാവമുള്ളതിനാൽ ഒരു സിറ്റിംഗ് ജഡ്ജിയുടെ സേവനം ലഭ്യമാക്കാൻ ബുദ്ധിമുട്ടാണെന്ന് ബഹു. ഹൈക്കോടതി അറിയിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ എന്തുതുടർനടപടികൾ സ്വീകരിക്കണമെന്നതടക്കമുള്ള കാര്യങ്ങൾ സർക്കാർ പരിശോധിച്ചുവരുന്നു.

കണ്ണൂർ വിമാനത്താവള കമ്പനിയുടെ പ്രവർത്തനം

24 (*23) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ വിമാനത്താവള കമ്പനിയുടെ പ്രവർത്തനം സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) മൂലധന സമാഹരണത്തിലെ ലക്ഷ്യം എത്ര തുകയാണെന്നും അതിൽ സർക്കാർ ഓഹരി എത്രയാണെന്നും വിശദമാക്കുമോ ;

(സി) ഓഹരികൾ പബ്ലിക് ഇഷ്യൂആയി വിൽപ്പന നടത്താനാണോ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ഡി) ഓഹരികൾക്ക് പരിധി നിശ്ചയിച്ചിട്ടുണ്ടോ ; എങ്കിൽ ആ പരിധി എത്രയെന്ന് വെളിപ്പെടുത്തുമോ ; പരിധി നിശ്ചയിക്കുന്നതിനുള്ള അധികാരം ആർക്കാണെന്ന് വ്യക്തമാക്കുമോ ;

(ഇ) വൻകിട മുതലാളിമാരെയും കുത്തക കമ്പനികളെയും വിമാനത്താവള കമ്പനിയുടെ ഓഹരി ഉടമകളാക്കുന്നതിൽനിന്ന് ഒഴിച്ചുനിർത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ അതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ;

(എഫ്) ഇതിനെ ഒരു ജനകീയ കമ്പനിയാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ ജനകീയ പങ്കാളിത്തം വിപുലമാക്കാൻ ഉദ്ദേശിക്കുന്ന പരമാവധി ഓഹരി പരിധി എത്രതുകയായി നിശ്ചയിക്കാനാണ് തീരുമാനമെന്ന് വെളിപ്പെടുത്തുമോ ?

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) :

(എ) 1956-ലെ കമ്പനി നിയമവും ബന്ധപ്പെട്ട ചട്ടങ്ങളും പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള കമ്പനിയാണ് കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള കമ്പനി. കമ്പനിയുടെ പ്രവർത്തനം, കമ്പനി നിയമവും ടി കമ്പനിയുടെ മെമ്മോറാണ്ടവും ആർട്ടിക്കിൾസ് ഓഫ് അസോസിയേഷനും പ്രകാരമാണ്.

LIBRARY ARCHIVES Kerala Legislative Assembly